milma

# Malabar Regional Co-operative Milk Producers' Union Ltd.

Head Office: Peringolam, Kunnamangalam, Kozhikode, Kerala - 673 571

No:MRU:P&I:15:MLP: 701

31.01.2024

## സർക്കുലർ 973/2024

വിഷയം :- ക്ഷീരകർഷകർക്കും ക്ഷീരസംഘങ്ങൾക്കുമായി അധിക പാൽവില നൽകുന്നത് സംബന്ധിച്ച്-

സൂചന :- മലബാർ മേഖലാ യൂണിയൻ ഭരണസമിതിയുടെ 30.01.2024 തിയ്യതിയിലെ 62/(GEN)/5 (ബി)-ാം നമ്പർ തീരുമാനം.

**ക്ഷീരകർഷകർക്ക് അധികപാൽ വില**

മേൽ സൂചന പ്രകാരം, മിൽമ മലബാർ മേഖലാ യൂണിയൻ, 2024 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും നിശ്ചിത ഗുണനിലവാരമുള്ള പാലിന് ലിറ്ററിന് 1.50 രൂപ വീതം അധിക പാൽ വില നൽകുവാൻ തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. 2023 ഡിസംബർ, 2024 ജനുവരി മാസങ്ങളിൽ മേഖലാ യൂണിയന് നൽകിയ പാലളവ് അടിസ്ഥാനമാക്കിയാണ് അധിക പാൽ വില നൽകുന്നത്. ഇത് പാലിന്റെ ഗുണനിലവാരം അനുസരിച്ച് താഴെ പറയും പ്രകാരം നിജപ്പെടുത്തിയിരിക്കുന്നു.

| |
|---|
| 8.3 % SNF ഉം അതിന് മുകളിലും, അല്ലെങ്കിൽ മൊത്തം ഖരപദാർത്ഥങ്ങളുടെ അളവ് 12% എങ്കിലും ഉള്ള പാലിന് ലിറ്ററിന് 1.50 രൂപ പ്രകാരം. |
| 8.3 % ത്തിൽ താഴെ SNF ഉള്ള പാലിന്/12% എങ്കിലും മൊത്തം ഖരപദാർത്ഥങ്ങൾ ഇല്ലാത്തതുമായ പാലിന് ലിറ്ററിന് 1 രൂപ 25 പൈസ പ്രകാരം. |

**2023 ഡിസംബർ മാസത്തെ അധിക പാൽവില:** ക്ഷീര സംഘങ്ങൾ 01.02.2024 മുതൽ 10.02.2024 വരെയുള്ള പാൽവിലയിലൂടെ മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും ക്ഷീരകർഷകർക്ക് (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) അതാതു മിൽക്ക് ബിൽ പേയ്മെന്റിന്റെ കൂടെ വിതരണം ചെയ്യേണ്ടതാണ്. ആയത് ക്യാഷ് ബുക്കിൽ 20.03.2024 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി & ഐ യൂണിറ്റ് ഉദ്യോഗസ്ഥർക്ക്, 31.03.2024 നു മുമ്പായി സമർപ്പിക്കേണ്ടതാണ്

**2024 ജനുവരി മാസത്തെ അധിക പാൽവില:** ക്ഷീര സംഘങ്ങൾ 01.03.2024 മുതൽ 10.03.2024 വരെയുള്ള പാലിന് മിൽമയിൽ നിന്നും മേൽ പ്രകാരം ലഭിക്കുന്ന തുക പൂർണ്ണമായും ക്ഷീരകർഷകർക്ക് (സംഘം വിഹിതം ഉൾപ്പെടുത്തിയോ അല്ലാതെയോ) അതാതു മിൽക്ക് ബിൽ പേയ്മെന്റിന്റെ കൂടെ വിതരണം ചെയ്യേണ്ടതാണ്. ആയത് ക്യാഷ് ബുക്കിൽ 20.04.2024 നു മുമ്പായി രേഖപ്പെടുത്തി നിശ്ചിത മാതൃകയിൽ അതാത് പി & ഐ യൂണിറ്റ് ഉദ്യോഗസ്ഥർക്ക്, 30.04.2024 നു മുമ്പായി സമർപ്പിക്കേണ്ടതാണ്

നിശ്ചിത സമയത്തിനുള്ളിൽ കൃത്യമായി തുക വിതരണം നടത്താത്ത ക്ഷീര സംഘങ്ങൾക്ക് നൽകിയ അധികവില തിരികെ പിടിക്കുന്നതായിരിക്കും.

**ക്ഷീരസംഘങ്ങൾക്ക് പ്രവർത്തനഫണ്ട്**

ക്ഷീരകർഷകർക്കുള്ള അധിക പാൽ വില കൂടാതെ, 2023 ഡിസംബർ 1 മുതൽ 31 മേഖലാ യൂണിയന് പാൽ നൽകിയ എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും പാലളവിന് അനുസൃതമായി മേഖലാ യൂണിയന് നൽകിയ പാൽ ലിറ്റർ ഒന്നിന് 1 രൂപ വീതം അധിക പാൽ വില അനുവദിക്കുന്നതാണ്. ഇത് ക്ഷീരസംഘങ്ങൾക്ക് പ്രവർത്തനഫണ്ടായി ഉപയോഗപ്പെടുത്താവുന്നതാണ്.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

**കെ.സി.ജെയിംസ്**
**മാനേജിംഗ് ഡയറക്ടർ**

യൂണിയന് പാൽ നൽകുന്ന എല്ലാ ആനന്ദ് മാതൃകാ ക്ഷീര സംഘങ്ങൾക്കും

പകർപ്പ്- ജനറൽ മാനേജർ
ഡിപ്പാർട്ട്മെന്റ് ഹെഡ്സ് - എച്ച്.ഒ.
സീനിയർ മാനേജർ, കോഴിക്കോട് ഡെയറി/എല്ലാ ഡെയറി മാനേജർമാർക്കും
മാനേജർ, എം.പി.എഫ് പ്രൊജക്ട്
ജില്ലാ പി&ഐ യൂണിറ്റ് മേധാവികൾ
പ്രിൻസിപ്പൽ എച്ച്.ആർ.ഡി.സി
പി&ഐ സബ് യൂണിറ്റ് മേധാവികൾ
മാനേജർ, സി.പി.ഡി
പി.എസ്സ്. റ്റു എം.ഡി/ചെയർമാൻ/ജി.എം
അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്)
www.mrcmpu.com/E-Stock Files

MALABAR REGIONAL CO-OPERATIVE MILK PRODUCERS' UNION LTD. ★ No. D 89 (D) H.O. Calicut

**2023 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ അധിക പാൽ വില നൽകിയതിന്റെ വിശദവിവരം**

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ..............................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2023 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2023 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2023 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2023 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ മിൽമയിൽ നൽകിയ

   പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ (................ രൂപ പ്രകാരം)
7. 2023 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ സംഭരിച്ച പാലിന്

   കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2023 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ സംഘം സംഭരിച്ച ...................................ലിറ്റർ പാലിന് അധിക വിലയായി..............................രൂപ (.......................................................................... രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത്...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

.......................................................................ക്ഷീരോൽപ്പാദക സഹകരണ സംഘം 2023 ഡിസംബർ 1 മുതൽ ഡിസംബർ 31 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് ..........................തിയ്യതി പരിശോധിച്ചു. ആയതിനാൽ .....................രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി

3

**2024 ജനുവരി 1 മുതൽ ജനുവരി 31 വരെ അധിക പാൽ വില നൽകിയതിന്റെ വിശദവിവരം**

ജില്ല/യൂണിറ്റ് : കോഡ് നമ്പർ:

1. സംഘത്തിന്റെ പേര് : ................................................ക്ഷീരോൽപ്പാദക സഹകരണ സംഘം
2. 2024 ജനുവരി 1 മുതൽ ജനുവരി 31 വരെ ആകെ സംഭരണം : --------- ലിറ്റർ
3. 2024 ജനുവരി 1 മുതൽ ജനുവരി 31 വരെ പ്രാദേശിക വിൽപ്പന : --------- ലിറ്റർ
4. 2024 ജനുവരി 1 മുതൽ ജനുവരി 31 വരെ ഡെയറി വിൽപ്പന : --------- ലിറ്റർ
5. 2024 ജനുവരി 1 മുതൽ ജനുവരി 31 വരെ മിൽമയിൽ നൽകിയ

   പാലിന്റെ ശരാശരി SNF % : ---------
6. സംഘത്തിന് അർഹമായ അധിക പാൽ വില : ---------- രൂപ (................ രൂപ പ്രകാരം)
7. 2024 ജനുവരി 1 മുതൽ ജനുവരി 31 വരെ സംഭരിച്ച പാലിന്

   കർഷകർക്ക് വിതരണം ചെയ്ത അധിക പാൽ വില : ---------- രൂപ

2024 ജനുവരി 1 മുതൽ ജനുവരി 31 വരെ സംഘം സംഭരിച്ച ....................................ലിറ്റർ പാലിന് അധിക വിലയായി...............................രൂപ (........................................................................... രൂപ) ........................ തിയ്യതി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആയത്...................... തിയ്യതി ...................... നമ്പർ കാഷ് ബുക്ക് പേജിൽ ചെലവ് എഴുതിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം/ തിയ്യതി

(സീൽ)

പ്രസിഡന്റ് സെക്രട്ടറി (ഒപ്പ്)

......................................................................ക്ഷീരോൽപ്പാദക സഹകരണ സംഘം 2024 ജനുവരി 1 മുതൽ ജനുവരി 31 വരെ സംഭരിച്ച പാലിന് കർഷകർക്ക് നൽകിയ അധിക വിലയുടെ കണക്ക് .......................തിയ്യതി പരിശോധിച്ചു. ആയതിനാൽ .......................രൂപ ക്ഷീര കർഷകർക്ക് അധിക പാൽ വിലയായി നൽകിയിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തുന്നു.

HQ ഇൻചാർജ്ജ്
പേര്, ഒപ്പ്
തിയ്യതി

DOH/UH
പേര്, ഒപ്പ്
തിയ്യതി